# അവർ എല്ലാവരോടും യു

(സി. ഉണ്ണിരാജ)

കേരളത്തിലെ "വിമോചനസമര"നേതാക്കൾ സമരം തുടങ്ങി ഒരാഴ്ചക്കകം തന്നെ ലോകത്തിലെല്ലാവരോടും യുദ്ധം പ്രഖ്യാപിച്ചിരിയ്ക്കുന്നു. കമ്യൂണിസ്റ്റ് മന്ത്രിസഭയെ മറിച്ചിടുകയെന്ന പേരിൽ കേരളത്തിലെ ജനങ്ങളോടു മാത്രമാണ് അവരുടെ "സമര"മെന്നാണ് ഇതുവരെ തോന്നിയിരുന്നത്. കാരണം, ഇവിടെ കമ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലുള്ള ഒരു ഗവണ്മെന്റ് നിലവിൽ വന്നതിന്നു കാരണക്കാർ കേരളത്തിലെ ജനങ്ങളാണല്ലോ. അവരാണല്ലോ നിയമസഭയിൽ കമ്യൂണിസ്റ്റുകാർക്ക് ഭൂരിപക്ഷം നേടിക്കൊടുത്തത്.

അതുകൊണ്ട് കേരളത്തിലെ ജനങ്ങളുടെ കുട്ടികൾ പഠിയ്ക്കാൻ പാടില്ല; കേരളത്തിലെ ജനങ്ങൾ അവരുടെ ആവശ്യങ്ങൾക്കുവേണ്ടി സർക്കാരാപ്പീസുകളിൽ പോകാൻ പാടില്ല; കേരളത്തിൽ ഭക്ഷ്യോല്പാദനം വർദ്ധിപ്പിയ്ക്കാൻ പാടില്ല; കേരളത്തിൽ വികസനപ്രവർത്തനങ്ങൾ ആവശ്യമില്ല; കേരളത്തിലെ ജനങ്ങൾ സ്റ്റേററ് ട്രാൻസ്പോർട്ട് ബസ്സുകളുപയോഗിച്ചു അത്യാവശ്യകാര്യങ്ങൾക്കുപോലും യാത്രചെയ്യാൻ പാടില്ല; കേരളത്തിലെ ജനങ്ങളെ സമാധാനത്തോടുകൂടി ജീവിയ്ക്കാൻ അനുവദിയ്ക്കുകയില്ല — അങ്ങിനെ കള്ളുഷാപ്പുകളോടും വിദ്യാലയങ്ങളോടും സർക്കാരാപ്പീസുകളോടും സ്റ്റേററ് ട്രാൻസ്പോർട്ട് ബസ്സുകളോടും എല്ലാം അവർ സമരം തുടങ്ങി.

കോൺഗ്രസ്സിന്റെ ഏററവും വലിയ നേട്ടങ്ങളിലൊന്നായിട്ടു കോൺഗ്രസ്സ് നേതാക്കന്മാർ തെരഞ്ഞെടുപ്പു വരുമ്പോഴെല്ലാം അവകാശപ്പെടുന്ന നമ്മുടെ ഭരണഘടന നൽകുന്ന അവകാശങ്ങളുപയോഗിച്ചു, കോൺഗ്രസ്സിനെയല്ലാതെ മറെറാരു പാർട്ടിയെ ഭരണകക്ഷിയായി തെരഞ്ഞെടുത്ത ധിക്കാരത്തിന്നു കേരളത്തിലെ ജനങ്ങളെ ശിക്ഷിയ്ക്കാൻ ഒരുങ്ങിപ്പുറപ്പെട്ടിരിയ്ക്കുന്ന വിമോചനസമരക്കാർ— മന്നവും, പട്ടവും, പട്ടക്കാരും, കെ. പി. സി. സി. നേതാക്കന്മാരും എല്ലാം.

## ജനങ്ങൾ പിന്നേയും "വഞ്ചിക്കുന്നു"

പക്ഷെ, ഈ ശിക്ഷയനുഭവിയ്ക്കാൻ കേരളത്തിലെ ജനങ്ങൾ കൂട്ടാക്കുന്നില്ലെങ്കിൽ അതിന്നു 'സമര'നേതാക്കളല്ല കാരണക്കാർ.

സ്വകാര്യസ്കൂൾ മാനേജർമാരുടെ 'അനാക്രമണാത്മകമായ മൗലികാവകാശം' കാത്തുരക്ഷിയ്ക്കാൻവേണ്ടിയാണല്ലോ പ്രഥമവും പ്രധാനവുമായിട്ടിവർ വിമോചനസമരത്തിന്നിറങ്ങിയതു. സ്വകാര്യമാനേജർമാരൊന്നും അവരുടെ സ്കൂളുകൾ തുറക്കയില്ലെന്നും തുറക്കുന്ന സ്കൂളുകളിലേയ്ക്കു (സർക്കാരിന്റേയായാലും 'കരിങ്കാലി'കളായ മാനേജർമാരുടെയായാലും) കമ്യൂണിസ്റ്റ് ദുർഭരണത്തിൽ നിന്നു മോചനം നേടാൻ പൊരുതിക്കൊള്ളുന്ന രക്ഷിതാക്കന്മാർ കുട്ടികളെ അയക്കുകയില്ലെന്നും, രക്ഷിതാക്കന്മാർ 'കരിങ്കാലി'കളായാൽത്തന്നെയും സ്വാതന്ത്ര്യബോധമുള്ള യുവതലമുറ കമ്യൂണിസ്റ്റുകാർ ഭരിക്കുന്ന കാലത്തോളം പഠിയ്ക്കാൻ തയ്യാറാവുകയില്ലെന്നും അദ്ധ്യാപകന്മാർ പഠിപ്പിയ്ക്കാൻ ഒരുങ്ങുകയില്ലെന്നും അങ്ങിനെ തുറക്കുന്ന സ്കൂളുകളിൽ അദ്ധ്യാപകന്മാരും കുട്ടികളുമില്ലാതെ ഒഴിഞ്ഞ ബെഞ്ചുകളും ഡസ്കുകളും മാത്രമേ കാണുകയുള്ളുവെന്നും അതെല്ലാം തികച്ചും അക്രമരഹിതമായും സമാധാനപരമായും വിമോചനസമരത്തിന്റെ ഒന്നാംഘട്ടം വിജയശ്രീലാളിതമാവുമെന്നും 'സമര'നേതാക്കൾ ഉൽഘോഷിച്ചു നടന്നതു ഇന്നും അന്തരീക്ഷത്തിൽ മാറൊലിക്കൊള്ളുന്നുണ്ട്.

അതിന്നിടയ്ക്കാണു ജൂൺ 11-ാം കണ്ണൂർ, കോഴിക്കോട്ട്, പാലക്കാട്ട് ജില്ലകളിലും, ജൂൺ 15-ാം തിരുവനന്തപുരം ജില്ലയിലും സ്കൂളുകൾ തുറന്നതു്. ഈ നാലു ജില്ലകളിലുംകൂടി 3028 മാനേജ്മെണ്ടുസ്കൂളുകളിൽ 230 എണ്ണംമാത്രമേ പൂട്ടിയിടാനുണ്ടായിരുന്നുള്ളു. സ്കൂളുകളിൽ 60 മുതൽ 75 ശതമാനംവരെ കുട്ടികൾ ഹാജരായി പഠിയ്ക്കാനും തുടങ്ങി. എന്നാൽ വിധിവൈപരീത്യം! സ്വകാര്യസ്കൂൾ മാനേജർമാരും രക്ഷിതാക്കന്മാരും വിദ്യാർത്ഥികളുമെല്ലാം വിമോചനസമരക്കാരെ വഞ്ചിച്ചു. മന്നത്തു പത്മനാഭന്റെ സ്വീകരണയോഗങ്ങളിൽ പങ്കെടുത്തു കമ്യൂണിസ്റ്റ് ഗവണ്മെണ്ട് പോകണമെന്നു വിധിയെഴുതിയെന്നു അവകാശപ്പെടുന്ന ബഹുഭൂരിപക്ഷം ജനങ്ങൾ എവിടെപ്പോയി? സ്വന്തം മൗലികാവകാശങ്ങൾ നേടാൻ നാലുദിവസം സ്കൂൾ പൂട്ടിയിടാൻപോലും ഒരുക്കമില്ലാത്തവരാണോ സ്വകാര്യസ്കൂൾ മാനേജർമാർ? കമ്യൂണിസ്റ്റ് ഭരണത്തെ അവസാനിപ്പിയ്ക്കാൻ കുറച്ചു ദിവസം കുട്ടികളെ സ്കൂളിലേക്ക് അയയ്ക്കാൻ തയ്യാറില്ലാത്തവരാണോ ഈ സ്റ്റേററിലെ ജനങ്ങൾ?

## അക്രമത്തിലേക്ക്

എന്തായാലും സ്വകാര്യസ്കൂൾ മാനേജർമാർക്കും രക്ഷാകർത്താക്കൾക്കും അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും എല്ലാം എതിരായി വിമോചനസമരം തുടർന്നു കൂടുതൽ ഊർജ്ജിതമായി നടത്താൻ തന്നെ "സമര"നേതാക്കൾ തീർച്ചയാക്കി. അങ്ങിനെയാണു സ്കൂളുകൾക്കു തീവെയ്ക്കലും ബലപ്രയോഗം നടത്തി സ്കൂൾ പൂട്ടിയ്ക്കലും അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും കയ്യേററം ചെയ്യലും, വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും പഠിപ്പ് നടത്താനുള്ള അവകാശത്തിന്നു സംരക്ഷണം നൽകാൻ ചെന്ന പോലീസുകാരെ ആക്രമിയ്ക്കലും മററുമായി "അക്രമരഹിത"രൂപത്തിൽ "സമരം" രണ്ടാം ഘട്ടത്തിലേക്ക് എത്രയും വേഗത്തിൽ പ്രവേശിച്ചതു്.

കോൺഗ്രസ്സും, പി. എസ്. പി. യും, മുസ്ലീംലീഗും ചേർന്നുകൊണ്ട്, മന്നത്തു പത്മനാഭന്റെ നേതൃത്വത്തിലുള്ള വിമോചനസമരത്തിൽ പങ്കെടുത്തുകൊണ്ട് സമരത്തിന്റെ ഭാഗമായി ജൂൺ 12-ാം

## ...ദ്ധം പ്രഖ്യാപിക്കുന്നു ★★★

തീയതി നടത്തിയ 'വിമോചനദിനാ'ചരണത്തെപ്പററിയും ഈ ഘട്ടത്തിൽ അനുസ്മരിക്കാതിരിക്കാൻ വയ്യ. അന്ന് പണിമുടക്കി ഹർത്താലാചരിയ്ക്കാൻ കേരളത്തിലെ തൊഴിലാളിവർഗ്ഗത്തോട് ആഹ്വാനം ചെയ്തിരുന്നു; അന്ന് കേരളത്തിലെ പൊതുജീവിതമാകെ സ്തംഭിക്കുമെന്നാണ് പറയപ്പെട്ടിരുന്നതു്.

പക്ഷെ, പട്ടണങ്ങളിൽ വലിയ കടകൾ അടച്ചുവെന്നതിൽ കവിഞ്ഞായി പൊതുജീവിതസ്തംഭനമൊന്നും നാട്ടുകാർക്ക് അനുഭവപ്പെടുകയുണ്ടായില്ല. മുതലാളികൾ മുൻകയ്യെടുത്തു 'വിമോചന'സമരത്തെ സഹായിയ്ക്കാൻ ലോക്കൌട്ട് ചെയ്തു ഫാക്ടറികളെ ഒഴിച്ചുനിർത്തിയാൽ, യാതൊരു വ്യവസായസ്ഥാപനവും സ്തംഭിക്കുകയുണ്ടായില്ല. ഐ. എൻ. ടി. യു. സി. യുടെ നേതൃത്വത്തിലുള്ളവരുൾപ്പെടെ ബഹുഭൂരിപക്ഷം തൊഴിലാളികളും അന്ന് സാധാരണപോലെ ജോലിക്കു പോയി; പണികളെല്ലാം നടന്നു; പിറേറ ദിവസം പത്രങ്ങൾ പുറത്തുവന്നു; ഗതാഗതമാർഗ്ഗങ്ങളെല്ലാം പ്രവർത്തിച്ചു.

കേരളത്തിലെ സംഘടിതരും അസംഘടിതരുമായ തൊഴിലാളിവർഗ്ഗം 'വിമോചനസമര'ത്തിന്നില്ലെന്ന പ്രഖ്യാപിക്കുകയാണ് അതു ചെയ്തതെന്ന 'സമര'നേതാക്കൾ മനസ്സിലാക്കിയോ എന്നറിയില്ല; എന്തായാലും ഈ നാട്ടിലെ ജനങ്ങൾക്ക് മനസ്സിലായി. കാർഷികത്തൊഴിലാളികളും ജോലി നിർത്തുകയുണ്ടായെന്നോ, കൃഷിക്കാർ ഏതെങ്കിലും തരത്തിൽ 'വിമോചന'ദിനാചരണത്തിൽ പങ്കെടുത്തുവെന്നോ 'സമര'നേതാക്കൾതന്നെ അവകാശപ്പെടുന്നില്ല.

ചുരുക്കത്തിൽ കേരളത്തിലെ ബഹുഭൂരിപക്ഷം ജനങ്ങൾ ഏതെങ്കിലും രൂപത്തിൽ പങ്കെടുക്കാതെയാണ് കോൺഗ്രസ്സ്-പി. എസ്. പി. നേതാക്കൾ അവരുടെ 'വിമോചനസമരം' ഉൽഘാടനം ചെയ്തതു്.

### “രണ്ടാംഘട്ടം”

കോൺഗ്രസ്സ്-പി. എസ്. പി. 'വിമോചനസമര'ത്തിന്റെ രണ്ടാം ഘട്ടം സർക്കാരാപ്പീസ്സ് പിക്കററിങ്ങായിരുന്നുവല്ലോ. സ്കൂളടപ്പുകാര്യത്തിലെന്നപോലെ, നാട്ടുകാർ നിസ്സഹകരിച്ചു സർക്കാരാപ്പീസുകളുടെ പ്രവർത്തനം സ്തംഭിപ്പിക്കുമെന്ന സമരനേതാക്കൾ വീരവാദം മുഴക്കുകയുണ്ടായില്ല. സർക്കാരാപ്പീസുകളിലേക്ക് ഏതെങ്കിലും ആവശ്യത്തിന്നു വരുന്ന ജനങ്ങളെ തടയാൻതന്നെയാണവർ തീരുമാനിച്ചതു്. കൂട്ടമായും കിടന്നും പിക്കററിങ്ങ് നടത്തി മാർഗ്ഗതടസ്സമുണ്ടാക്കി നിയമലംഘനം നടത്താതെതന്നെ, സർക്കാരാപ്പീസുകളുടെ പ്രവർത്തനം സ്തംഭിപ്പിയ്ക്കാൻ കഴിയുമായിരുന്നു, കമ്മ്യൂണിസ്റ്റ് ഗവൺമെൻറിനോട് എതിർപ്പും അസംതൃപ്തിയുമുള്ള ജനങ്ങൾ സർക്കാരാപ്പീസുകൾ ബഹിഷ്കരിയ്ക്കാൻ തീരുമാനിച്ചാൽ.

അതിന്നു കഴിയാത്ത, ഒരുമ്പെടാത്ത കോൺഗ്രസ്സ്-പി. എസ്. പി. നേതാക്കൾ അവരുടെ 'അവകാശവാദ'ത്തിൽ വലിയ വിശ്വാസമില്ലെന്നു വേണം ഊഹിയ്ക്കാൻ. അങ്ങിനെ സർക്കാരാപ്പീസ് പിക്കററിങ്ങും ജനങ്ങൾക്കെതിരായ സമരമായിട്ടാണ് രൂപാന്തരപ്പെട്ടതു്.

കേരളത്തിലെ ജനങ്ങളുടെ യഥാർത്ഥമായ പിൻതുണയെക്കാളും ആനുകൂല്യത്തെക്കാളും പ്രധാനമായി തങ്ങളുടെ 'വിമോചന'സമരത്തിന്റെ വിജയത്തിന്നവർ കണക്കെടുത്തിരുന്ന മററു ചില കാര്യങ്ങളുണ്ട്. ജൂൺ 16-ാംനു-എഴുതിയ ഒരു മുഖപ്രസംഗത്തിൽ 'ദീപിക' ഈ വസ്തുത തെളിച്ചു പറയുകയുണ്ടായി:

> '...ഇന്ത്യാഗവൺമെൻറിന്റെ സംരക്ഷണവും ആനുകൂല്യവും ഈ സമരത്തിന്റെ വിജയത്തിന്നു അനുപേക്ഷണീയമാണ്. അങ്ങിനെയാണെങ്കിൽ കോൺഗ്രസ്സുൾപ്പെടെയുള്ള രാഷ്ട്രീയപ്പാർട്ടികളെ പഴിച്ചു സംസാരിക്കുന്നവർ ഒരു പക്ഷം ചിന്തിയ്ക്കുന്നും ഇവിടെ നേരാൻ പോകുന്നില്ല....
>
> 'ഇന്ത്യ ഭരിക്കുന്ന പാർട്ടിയുടെ കൊടിയും ബലവും ഇല്ലായിരുന്നെങ്കിൽ ഹംഗറിയിലെയും പോളണ്ടിലെയും ടിബററിലെയും ജനകീയവിപ്ലവങ്ങളെ അടിച്ചമർത്തിയ കമ്മ്യൂണിസ്റ്റ് കൊലയാളികൾ ഇവിടെയും അതുതന്നെ ചെയ്യുമായിരുന്നു....ഈ സമരത്തെ വേണമെങ്കിൽ നാളെ വിജയിപ്പിയ്ക്കാനുള്ള കരുത്തു കോൺഗ്രസ്സിന്നുണ്ടെന്നു കമ്മ്യൂണിസ്റ്റുകാർക്കറിയാം.'

“ഇന്ത്യാഗവൺമെൻറിന്റെ ആനുകൂല്യവും സംരക്ഷണവും” തങ്ങളുടെ “വിമോചനസമര”ത്തിന്നാണെന്ന അടിസ്ഥാനത്തിലാണ് അവർ സമരത്തിന്റെ തന്ത്രമാകെ തന്നെ രൂപപ്പെടുത്തിയിട്ടുള്ളതു്. കോൺഗ്രസ്സ് ഹൈക്കമാണ്ടിന്റെ അനുമതിയോടുകൂടി ഈ ഗവൺമെൻറിനെ മാററാൻ ഒരു പ്രത്യക്ഷസമരത്തിന്നു കേരള കോൺഗ്രസ്സ് തയ്യാറായതോടുകൂടി ആ 'ആനുകൂല്യവും സംരക്ഷണവും' ഉണ്ടാകുമെന്നതിന്നു ഉറപ്പായി.

കേരളത്തിൽ നടക്കുന്നതു് ഒരു ബഹുജനമുന്നേററമാണെന്നും, “ഗണ്യമായ ജനവിഭാഗങ്ങൾക്ക് ഗവർമ്മെണ്ടിലുള്ള വിശ്വാസം നഷ്ടപ്പെട്ടതായി തോന്നുന്നു”വെന്നുമുള്ള പ്രധാനമന്ത്രി നെഹ്റുവിന്റെ കോയമ്പത്തൂർപ്രസ്താവന ആ ഉറപ്പിനെ ഒന്നുകൂടി ബലപ്പെടുത്തി.

കമ്മ്യൂണിസ്റ്റ് പാർട്ടിയ്ക്കെതിരാണെന്നതുകൊണ്ടും പ്രധാനമന്ത്രി നെഹ്റുവിന്റെ പ്രസ്താവനയുടെ അടിസ്ഥാനത്തിലും ഇന്ത്യൻ പൊതുജനാഭിപ്രായം, പ്രത്യേകിച്ചും പത്രങ്ങൾ, 'സമര'ത്തിന്നനുകൂലമായി അണിനിരക്കുമെന്നും അവർ പ്രതീക്ഷിച്ചു.

### ആകാശക്കോട്ട തകരുന്നു

ഇത്തരത്തിൽ കെട്ടിപ്പടുക്കപ്പെട്ട ആകാശക്കോട്ടയാണ് കഴിഞ്ഞ ഒരാഴ്ചയായി തകർന്നുകൊണ്ടിരിക്കുന്നതു്.

ആദ്യത്തെ അടി പ്രധാനമന്ത്രി നെഹ്റുവിൽനിന്നുതന്നെയാണ് കിട്ടിയതു്. 'ഏതു സന്ദർഭത്തിലും ഏതു തരത്തിലും ഭരണഘടനാവിരുദ്ധമായ മാർഗ്ഗങ്ങൾക്ക് ഞാൻ എതിരാ'ണെന്നും, 'ജനാധിപത്യമാർഗ്ഗങ്ങളിലൂടെയല്ലാതെ ഗവർമ്മെണ്ടുകൾ മറിഞ്ഞുവീഴണമെന്ന് ഞാൻ നിർദ്ദേശിക്കുകയോ ഉദ്ദേശിക്കുകയോ പ്രതീക്ഷിക്കുകയോ ചെയ്യുന്നില്ലെ'ന്നും ജൂൺ 10-ാംനു-ത്തെ പത്രസമ്മേളനത്തിൽ പ്രധാനമന്ത്രി നെഹ്റു പ്രസ്താവിച്ചതു് കേരളത്തിലെ സമരക്കാർ പ്രതീക്ഷിയ്ക്കാത്തതായിരുന്നു. പ്രതിപക്ഷപത്രങ്ങൾ നെഹ്റുവിന്റെ ഈ പ്രസ്താവനകൾക്ക് യാതൊരു പ്രാധാന്യവും കൊടുക്കാഞ്ഞതിൽനിന്നു അതു സ്പഷ്ടമായിരുന്നു. ചില

പത്രങ്ങൾ ഈ ഭാഗങ്ങൾ പ്രസിദ്ധപ്പെടുത്തുകപോലും ചെയ്തില്ല.

കോൺഗ്രസ്സ് പ്രസിഡണ്ട് ഇന്ദിരാ ഗാന്ധിയാണ് രണ്ടാമത്തെ അടി കൊടുത്തത്. ജൂൺ 13-ാംനു അവർ കെ. പി. സി. സി. പ്രസിഡണ്ടിന്ന് കമ്പിയടിച്ചു: "പിക്കറ്റിങ്ങ് പാടില്ല. മുൻകൂട്ടിയുള്ള സമ്മതം കൂടാതെ യാതൊരു പ്രത്യക്ഷസമരപരിപാടിയും സ്വീകരിക്കരുത്". ഇങ്ങിനെ ഒരു നിർദ്ദേശം കോൺഗ്രസ്സ് പ്രസിഡണ്ട് കേരളത്തിലെ കോൺഗ്രസ്സുകാർക്ക് കൊടുത്തുവെന്നതന്നെയല്ല, അതിന്ന് മറുപടിയായി "ഭരണഘടനാവിധേയമല്ലാത്ത മാർഗ്ഗങ്ങൾകൂടി കേരളത്തിലെ പ്രത്യേകസാഹചര്യങ്ങളിൽ സ്വീകരിക്കാവുന്നതാണെന്ന് ശ്രീ: ധേബർ ഊട്ടിയിൽവെച്ച് തയ്യാറാക്കിക്കൊടുത്ത ഒരു പ്രസ്താവനയിൽ സമ്മതിച്ചിട്ടുണ്ടെ"ന്ന് പി. റ്റി. ചാക്കോ അതിന്ന് മറുപടി അയച്ചപ്പോൾ, ശ്രീ: ധേബറിന്റെ നിർദ്ദേശങ്ങളെപ്പറ്റി എന്തോ "തെറ്റിദ്ധാരണയുണ്ടെ"ന്നും കലക്ടറാപ്പീസുകൾ പിക്കറ്റ് ചെയ്യുന്നതിനെപ്പറ്റി യാതൊരു നിർദ്ദേശവും കോൺഗ്രസ്സ് ഹൈക്കമാണ്ട് കൊടുത്തിട്ടില്ലെന്നും മിസിസ്സ് ഇന്ദിരാഗാന്ധി പരസ്യമായി പത്രപ്രതിനിധികളോട് പറയുകയുണ്ടായി.

പക്ഷെ ഇതൊന്നും കേരളകോൺഗ്രസ്സ് നേതാക്കൾ ചെവിക്കൊള്ളാൻ തയ്യാറായിരുന്നില്ല. പ്രധാനമന്ത്രി നെഹ്റു പറഞ്ഞാലും കോൺഗ്രസ്സ് പ്രസിഡണ്ട് നിർദ്ദേശിച്ചാലും, വിമോചനസമരത്തിന്നിറങ്ങിയ തങ്ങളെ പിന്തിരിപ്പിക്കാനാവില്ലെന്നായിരുന്നു അവരുടെ നിലപാട്. കലക്ടറാപ്പീസുകളുടെ മുമ്പിലുള്ള പിക്കറ്റിങ്ങ് പത്തു ദിവസത്തേയ്ക്കു സൂചനാപരമായി തുടരുമെന്നും പിന്നീട് ഭരണം സ്തംഭിപ്പിക്കാനുള്ള 'ശരിയായ സമരം' ആരംഭിക്കുമെന്നും, കോൺഗ്രസ്സ് പ്രസിഡണ്ടിന്റെ കമ്പി കിട്ടിയ ശേഷം കെ. പി. സി. സി. പ്രസിഡണ്ട് പ്രസ്താവിച്ചു.

കലക്ടറേറ്റ് പിക്കറ്റിങ്ങിന്ന് അനുമതി നൽകിട്ടില്ലെന്ന് കോൺഗ്രസ്സ് പ്രസിഡണ്ട് പരസ്യമായിത്തന്നെ പ്രസ്താവിച്ച ശേഷം, ജനറൽ സിക്രട്ടറി സാദിക്ക് അലിയുടെ സാന്നിദ്ധ്യത്തിൽ ആർ. ശങ്കർ പിക്കറ്റിങ്ങിനെ നയിച്ചു; സമാധാനപരമായ പ്രക്ഷോഭംകൊണ്ട് ഗവണ്മെൻറ് രാജി വെച്ചൊഴിഞ്ഞില്ലെങ്കിൽ കൂടുതൽ കാര്യമായ നടപടികൾ സ്വീകരിക്കേണ്ടതായി വരുമെന്ന് പ്രസംഗിക്കുകയും ചെയ്തു.

അങ്ങിനെ കോൺഗ്രസ്സ് ഹൈക്കമാൻറിന്നെതിരായും കേരളത്തിലെ 'വിമോചനസമരം' തിരിഞ്ഞു.

കോൺഗ്രസ്സ് ഹൈക്കമാണ്ടിന്റെ നേർക്കുമാത്രമല്ല, കേന്ദ്രഗവണ്മെൻറിന്റെ നേർക്കും "സമര"ക്കാർ ചന്ദ്രഹാസമെടുത്തിരിക്കുകയാണ്. പൊതുയോഗങ്ങളിൽ ആവശ്യപ്പെട്ടതുകൊണ്ടോ പ്രകടനം നടത്തിയതുകൊണ്ടോ ഒരു ഗവണ്മെൻറും രാജിവെച്ചുപോകുമെന്ന് പ്രതീക്ഷിക്കേണ്ടതില്ലെന്നും, കേരളത്തിൽ ഇന്ന് നടക്കുന്ന പ്രക്ഷോഭത്തിന്റെ ഫലമായി ക്രമസമാധാനം തകരാറിലാവുകയാണെങ്കിൽ സ്വത്തിന്നും ജീവന്നും രക്ഷ നൽകേണ്ട ചുമതല സംസ്ഥാനഗവർണ്മെൻറിന്നുള്ളതാണെന്നും പക്ഷെ സംസ്ഥാനഗവർമ്മെൻറ് ആവശ്യപ്പെട്ടാൽ ക്രമസമാധാനപാലനത്തിൽ കേന്ദ്രഗവർമ്മെൻറ് വേണ്ട സഹായം നൽകുമെന്നും കേന്ദ്രരാജ്യരക്ഷാമന്ത്രി കൃഷ്ണമേനോൻ പ്രഖ്യാപിച്ചു. ഇത് സമരക്കാരെ അങ്ങേയറ്റം അലോസരപ്പെടുത്തുകയും അസ്വസ്ഥരാക്കുകയും ചെയ്തു.

പോലീസു വെടിവെക്കാൻ നിർബ്ബന്ധിതമായതിൽ ചെന്നെത്തിയ അങ്കമാലി സംഭവത്തിന്ന ശേഷം, കേരള ഗവർണ്ണർ, സ്റ്റേറ്റിലെ ഭരണത്തലവനെന്ന നിലയ്ക്കും ഇന്ത്യയിലെ സമാധാനകാംക്ഷിയായ ഒരു പൌരനെന്ന നിലയ്ക്കും, അക്രമംകൊണ്ട് സ്വത്തിന്നും ജീവന്നും നാശം വരുത്താനുള്ള സംരംഭങ്ങൾകൊണ്ട് സ്വന്തം പേര് കളങ്കപ്പെടുത്താതിരിക്കാൻ ഇന്നത്തെ പ്രക്ഷോഭവുമായി ബന്ധപ്പെട്ട സംഘടനകളോട് അഭ്യർത്ഥിച്ചത് "സമര"നേതാക്കളെ കൂടുതൽ അമ്പരപ്പിക്കുകയും ഈറ പിടിപ്പിക്കുകയും ചെയ്തു. രാജ്യരക്ഷാമന്ത്രി കൃഷ്ണമേനോനെ വിമർശിച്ചുകൊണ്ട് പ്രതിപക്ഷപത്രങ്ങളിൽ മുഖപ്രസംഗങ്ങൾ വന്നു; ഗവർണ്ണറുടെ പ്രസ്താവന അനുചിതവും പക്ഷപാതപരവുമാണെന്ന് പനമ്പിള്ളി ഗോവിന്ദമേനോൻ ഇന്നു കത്തെഴുതി.

ഇന്ത്യ മുഴുവൻ ഭരിക്കുന്ന കോൺഗ്രസ്സ് നയിക്കുന്ന ഒരു "സമര"ത്തെ ക്ഷീണിപ്പിക്കുന്ന തരത്തിൽ കോൺഗ്രസ്സ് കേന്ദ്രഗവർമ്മെൻറിലെ ഒരംഗത്തിന്നോ ആ കേന്ദ്രഗവർമ്മെൻറിന്റെ പ്രതിനിധിയായ ഗവർണ്ണർക്കോ പറയാനെന്തധികാരം എന്നാണ് സമരനേതാക്കൾ ഭംഗ്യന്തരേണ ചോദിച്ചത്.

## സത്യത്തിന്റെ നേരെ

സമരക്കാർ അവിടെയും നിന്നില്ല. വിമോചനസമരം സംബന്ധിച്ച് കേരളത്തിൽ



[illegible] സമരത്തെയും [illegible]യും റിപ്പോർട്ടുചെയ്യാൻ ശ്രമിക്കുന്ന അഖിലേന്ത്യാറേഡിയോവിന്നെതിരായും പി. ടി. ഐ. വാർത്താവിതരണ ഏജൻസിക്കെതിരായും അവർ യുദ്ധം പ്രഖ്യാപിക്കുന്നു. ശ്രീ: പട്ടം താണുപിള്ള വിളംബരപ്പെടുത്തിയപോലെ, കേരളത്തിലും ഇന്ത്യയിലും മാത്രമല്ല ലോകത്തിൽതന്നെ ജനാധിപത്യം സംരക്ഷിക്കാൻ നടത്തപ്പെടുന്ന ഈ "പാവനപ്പോരാട്ട"ത്തിൽ, ശ്രീ: പനമ്പിള്ളി ഗോവിന്ദമേനോൻ പ്രഖ്യാപിച്ചിരിക്കുന്നപോലെ, കേരളത്തെയും ഇന്ത്യയെയും മാത്രമല്ല ഏഷ്യയെയാകെത്തന്നെ കമ്യൂണിസത്തിൽനിന്നും മോചിപ്പിക്കാനുള്ള ഈ "കുരിശുയുദ്ധ"ത്തിൽ, സത്യം പറയുന്നതും പക്ഷം പിടിക്കാതിരിക്കുന്നതും അവർക്ക് പൊറുക്കാൻ കഴിയുന്നില്ല.

കമ്യൂണിസത്തിന്നെതിരായ കുരിശുയുദ്ധത്തിൽ ഇന്ത്യൻ പൊതുജനാഭിപ്രായം തങ്ങൾക്കനുകൂലമായി അണിനിരക്കുമെന്ന വ്യാമോഹവും പൊളിഞ്ഞു പാളീസായിരിക്കുന്നു. കമ്യൂണിസ്റ്റാണോ കമ്യൂണിസ്റ്റ് വിരോധിയാണോ, കോൺഗ്രസ്സാണോ കോൺഗ്രസ്സ് വിരോധിയാണോ എന്നു നോക്കാതെ, ജനാധിപത്യത്തിലും ജനാധിപത്യപരവും ഭരണഘടനാവിധേയവുമായ മാർഗ്ഗങ്ങളിലും തെല്ലെങ്കിലും വിശ്വാസവും നിഷ്പക്ഷതയുമുള്ള എല്ലാവരും കേരളത്തിലെ വിമോചനസമരത്തിന്നെതിരായി അണിനിരന്നിരിക്കുകയാണ് — പത്രങ്ങളും പൊതുജനനേതാക്കന്മാരുമൊക്കെ.

വെടിവെപ്പുകൾ കഴിഞ്ഞതിന്നുശേഷവും ഇന്ത്യയിലെ പ്രമുഖ ദേശീയപത്രങ്ങൾ എഴുതിയ മുഖപ്രസംഗങ്ങൾ അതിന്ന് തെളിവാണ്. ജൂൺ 17-ാംതെ "സ്റ്റേറ്റ്സ്മാൻ" എഴുതിയിരിക്കുകയാണ്:

"കേരളത്തിലെ ജനങ്ങൾക്ക് ആവലാതികളുള്ളതായി തോന്നുന്നുണ്ടെങ്കിൽ അതെപ്പറ്റി എന്തെങ്കിലും ചെയ്യേണ്ടതായിട്ടുണ്ടെന്ന് കോൺഗ്രസ്സ് പ്രസിഡണ്ട് ആവശ്യപ്പെടുന്നു. തർക്കപ്രശ്നങ്ങൾക്കെല്ലാം സമാധാനപരമായി പരിഹാരം കാണാനും പ്രതിപക്ഷപ്പാർട്ടികളോടുള്ള സമീപനത്തിൽ തെറ്റു പറ്റിട്ടുണ്ടെങ്കിൽ തി

# എന്തു 'വിമോചനം'

യേശുവിൻ പേരിലുയർന്നോരപ്പള്ളിക-
ളാകെ പടകുടീരങ്ങളായ് മാറവേ,
പ്രാർത്ഥനയ്ക്കായ് മുഴങ്ങേണ്ടും മണികള-
ങ്ങാക്രമണത്തിന്റെ കാഹളമാകവേ,
ആശങ്ക പൂണ്ടു വിഷമിപ്പവർക്കഹോ!
യേശുവിൻ ശാന്തിസന്ദേശമേകേണ്ടവർ
നാശത്തിലേയ്ക്കു കുതിപ്പവരെ, കനി-
ഞ്ഞീശങ്കലേയ്ക്കു വഴിതിരിക്കേണ്ടവർ
രോഷം വളർത്തിപ്പിശാചിൻ മടയിലേ-
ക്കീഷലെന്യേ വിനാ തള്ളിവിട്ടിടവേ,
കാടരായ്പ്പണ്ടു കിടന്ന വർഗ്ഗങ്ങളെ
നാടരായ് മാറ്റിപ്പരിഷ്കൃതരാക്കിയോർ
പാടേ നിയമനിഷേധത്തിലൂടെയാ-
പ്രാകൃതത്വത്തിൽ തിരിച്ചയച്ചിടവേ,
സ്വാർത്ഥപരതമാം ചങ്ങലക്കെട്ടിൽ നി-
ന്നാത്മാവിനാരാൽ വിമുക്തി നൽകേണ്ടവർ
പാട്ടും പലിശയും കൊള്ളലാഭങ്ങളും
കാത്തുരക്ഷിക്കാനടരിന്നിറങ്ങവേ,
"അജ്ഞരായുള്ളോർക്കറിവു നൽകീടുക
അന്ധകാരത്തിൽ പ്രകാശം പരത്തുക"

അത്യുന്നതാദർശമിന്നിതു കൈവിട്ടു
വിദ്യാലയങ്ങളടച്ചു പൂട്ടിടവേ,
നന്മയും തിന്മയും സത്യമസത്യവും
ധർമ്മമധർമ്മവും നീതിയനീതിയും
ഭ്രമിയാകാതെ,മിരുളും വെളിച്ചവു-
മിട്ടിലെന്നുമേ ഭേദമില്ലാതെയായ്!
വന്യമൃഗങ്ങളെപ്പോലിരച്ചെത്തുന്ന
ധന്യാദരമന്തിയോരെന്തിനോ!
അയ്യോ! സമാധാനപാലകരോടൊത്ത
വൻപോർക്കളമായി മാറി മഹീതലം!
എത്ര മരണം, നിയമ,മധികാര-
മെന്തും തകർന്നു തരിപ്പണമാകണം;
അന്ധകാരം മാത്രമിതു ശോഭിക്കണം,
ഹന്ത! യീ നാടൊരു കാടായി മാറണം!
അന്ധവിശ്വാസമേ, നിയമങ്ങളിലയോ
രണ്ടായിരമാണു ഭേദമോതീടിലും?
നീതമാക്കുന്നതു ഹാ! ദൈവരാജ്യമോ
പാതാളഗർത്തമോ ഹാ, മതാദ്ധ്യക്ഷരേ?
ചോരക്കളങ്ങളാൽ നിങ്ങൾ പതിതർക്ക,
പാരിലിന്നേകിപ്പതെന്തു 'വിമോചനം'?

—കെ. വി. ജി.

അത്താനും ഒരു വട്ടമേശ്ശ ചുറ്റുമിരുന്ന ചർച്ച നടത്താൻ തയ്യാറാണെന്ന കമ്മ്യൂണിസ്റ്റ് പാർട്ടി പറയുന്നു.

"കമ്മ്യൂണിസ്റ്റ് പാർട്ടി ഇങ്ങിനെ പറയുന്നതു ഇതാദ്യമല്ല. ഗവർണ്ണറിസ്റ്റുൽ നടത്തിയ സമീപനത്തെ, മന്ത്രിസഭയെ മാറ്റാൻ "ബാലറ്റുപെട്ടിയല്ലാതെയുള്ള മാർഗ്ഗങ്ങളെ"പ്പറ്റി സംസാരിക്കുന്ന കെ. പി. സി. സി. ധേബർജി നിരാകരിക്കുകയാണുണ്ടായതു.

"കോൺഗ്രസ്സുകാർ വിശേഷിച്ചും സമാധാനപരമായും അക്രമരഹിതമായും പ്രവർത്തിക്കണമെന്ന പ്രധാനമന്ത്രി ആവശ്യപ്പെട്ടു; അടുത്ത ദിവസംതന്നെ 'എല്ലാ രൂപങ്ങളും' കൈക്കൊള്ളാൻപോകുന്ന പ്രത്യക്ഷ സമരപരിപാടിയുമായി കെ. പി. സി. സി. പ്രസിഡണ്ട് അരങ്ങത്തു വരുന്നു. സാമുദായിക-ജാതി സംഘടനകളുമായി കൂട്ടുകൂടുന്നതിനെപ്പറ്റി മി: നെഹ്റു അസംതൃപ്തനല്ലത്രെ; പക്ഷെ കേരള കോൺഗ്രസ്സ് ഈ സംഘടനകളിൽ അഭിമാനം കൊള്ളുകയും അവയിൽനിന്ന ശക്തിയാർജ്ജിക്കുകയും ചെയ്യുന്നതായിട്ടാണു കാണുന്നതു.

"ഏറ്റവും വലുതും ഏറ്റവും പ്രബലമുള്ളതുമായ, ലോകത്തിൽ രാജ്യമാകെ ഭരണം നടത്തുന്ന, ഒരു ദേശീയ രാഷ്ട്രീയ സംഘടനയിൽ ഇത്തരം പരസ്പരവൈരുദ്ധ്യങ്ങളുണ്ടാകുന്നതു മനസ്സിലാക്കാൻ വിഷമമുണ്ടു"; ദീർഘകാലത്തു അതു കോൺഗ്രസ്സിനെതന്നെ ദ്രോഹം ചെയ്യും.

"ഇപ്പോൾ തയ്യാറാക്കിയിരിക്കുന്ന കമ്മ്യൂണിസ്റ്റ്കാർക്കെതിരായ കുറ്റപത്രത്തിന്റെ കരട് വാസ്തവത്തിൽ ആ സ്റ്റേറ്റിൽ കോൺഗ്രസ്സ് പൊതുതിരഞ്ഞെടുപ്പിൽ തോറ്റിട്ട് അല്പദിവസങ്ങൾക്കകം തയ്യാറാക്കിയതാണ്. അവയിൽ അനേകം ആരോപണങ്ങൾ മറ്റു സ്റ്റേറ്റുകളിലെ കോൺഗ്രസ്സ് മന്ത്രിസഭകൾക്കെതിരായും കൊണ്ടുവരാവുന്നതാണ്, കൊണ്ടുവന്നിട്ടുള്ളതാണ്.

"പരാതികളുണ്ടെങ്കിൽ, പ്രത്യക്ഷസമരം കൂടാതെതന്നെ, അവ പരിഹരിക്കാൻ കഴിയണം, പരിഹരിക്കണം. കേന്ദ്രകോൺഗ്രസ് നേതൃത്വം ഭരണഘടനാവിരുദ്ധമായ പ്രക്ഷോഭത്തെ ഒരിക്കലും പ്രോത്സാഹിപ്പിക്കാൻ പാടില്ല; ഇടനില്ക്കാൻ പാടില്ല. കേന്ദ്രസംഘടന അറിഞ്ഞുതന്നെ അന്ധത നടിക്കുകയാണോ അതോ നിസ്സഹായമാണോ?"

ജൂൺ 17-ന്റെ തന്നെ ബോംബെയിലെ "ടൈംസ് ഓഫ് ഇന്ത്യ" എഴുതിയ ഒരു മുഖപ്രസംഗത്തിൽ കോൺഗ്രസ്സിന്റെ പ്രത്യക്ഷ സമരപരിപാടിയെ ശക്തിയേറിയ ഭാഷയിൽ അധിക്ഷേപിച്ചു.

ഒരു മന്ത്രിസഭയെ മറിച്ചിടാനുള്ള പ്രക്ഷോഭത്തെ സമാധാനപരമായി ഒതുക്കി നിർത്താൻ വിഷമമാണെന്നും പ്രസ്ഥാനത്തിന്റെ നേതാക്കന്മാരുടെ ആഗ്രഹം മറ്റുതന്നെയായാലും, നിയമസമാധാനത്തെ സംഘടിതമായി ലംഘിക്കാനുള്ള ഒരു സമരം അതിന്റെ യുക്തികൊണ്ടു തന്നെ അനിവാര്യമായി അക്രമത്തിലേയ്ക്കു എത്തുമെന്നും, പോലീസ് വെടിവെപ്പിന്റെ തോതും ശരിയും എന്തുതന്നെയായാലും, കേരളത്തിൽ പൊട്ടിപ്പുറപ്പെട്ട ജനക്കൂട്ടത്തിന്റെ ഭാഗത്തുനിന്നുള്ള അക്രമത്തിന്റെ ധാർമ്മികമായ ഉത്തരവാദിത്തത്തിൽ നിന്ന "പ്രത്യക്ഷസമര"നേതാ-

കൾക്ക ഒഴിഞ്ഞുമാറാൻ സാധ്യമല്ലെന്നും ആ മുഖപ്രസംഗത്തിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നു:

"മററു പതിമൂന്ന സ്റ്റേററുകളിലും ഭരണം നടത്തുന്ന കോൺഗ്രസ്സ് കേരളത്തിലെ പരസ്യമായ ഈ നിയമലംഘനസമരത്തിൽ പങ്കാളിയായിരിക്കണമെന്നതാണ അതിലെ ഏററവും വൈപരീത്യം. അവർക്ക കമ്യൂണിസ്റ്റ മന്ത്രിസഭയെ എതിർക്കണമെങ്കിൽ, കൂടുതൽ സമാധാനപരവും കൂടുതൽ ഫലപ്രദവുമായ മററു മാർഗ്ഗങ്ങളുണ്ട്. നിയമസഭയുടെ വിശ്വാസമുള്ള കാലത്തോളം പാർലിമെൻററിയല്ലാത്ത മാർഗ്ഗങ്ങളിലൂടെ ഒരു മന്ത്രിസഭയെ മാററാൻ ശ്രമിക്കുന്നതു തീർച്ചയായും കമ്യൂണിസ്റ്റകാരേക്കാളധികം മററു പാർട്ടികളെയാണ ക്ഷീണിപ്പിക്കുക. കാരണം, അതു രാജ്യത്തിലെ പാർലിമെൻററി ഗവണ്മെൻറിൻെറ അടിത്തറയെ തന്നെ തുരങ്കംവെക്കും........"

ജനങ്ങളെ തെരുവിലിറക്കാതിരിക്കുകയും പ്രസ്ഥാനമൊട്ടാകെയില്ലെങ്കിൽ പിക്കററിങ്ങ് പരിപാടിയെങ്കിലും പിൻവലിക്കുകയും ചെയ്യേണ്ടതു "സമര"ത്തിലേർപ്പെട്ട പാർട്ടികളുടെ കടമയാണെന്നും അതിൽ പ്രാഥമിക ചുമതല കോൺഗ്രസ്സിൻേറതാണെന്നും മുഖപ്രസംഗത്തിലെടുത്തുപറഞ്ഞിട്ടുണ്ട്.

ജൂൺ 18നു "ടൈംസ് ഓഫ് ഇന്ത്യ" വീണ്ടും ഒരു മുഖപ്രസംഗമെഴുതി. അതിൽ സ്കൂളുകളും ഗവണ്മെൻറ് ആഫീസുകളും പിക്കററു ചെയ്യുന്നതിൽനിന്നു മാത്രമല്ല, പ്രക്ഷോഭത്തിൽ നിന്നുതന്നെ പിൻമാറാൻ കെ. പി. സി. സി. യെ പ്രേരിപ്പിക്കേണ്ട ചുമതല കോൺഗ്രസ്സ് ഹൈക്കമാണ്ടിനാണെന്നു അഭിപ്രായപ്പെട്ടിരിക്കുന്നു. ഹൈക്കമാണ്ടിൻെറ സ്പഷ്ടമായ നിർദ്ദേശങ്ങളെ അവഗണിക്കാൻ തീരുമാനിച്ച കേരളത്തിലെ കോൺഗ്രസ്സുകാരുടെ പേരിൽ കർശനമായ അച്ചടക്കനടപടിയെടുക്കാൻ തയ്യാറുണ്ടോ എന്നും അതിൽ ചോദിച്ചിരിക്കുന്നു.

ഇതേ സ്വരത്തിൽതന്നെയാണ ഇന്ത്യയിലെ മററെല്ലാ പത്രങ്ങളും അഭിപ്രായം പറഞ്ഞിരിക്കുന്നതു. കാര്യങ്ങളറിയാത്തതുകൊണ്ടാണ ഈ പത്രങ്ങളെല്ലാം ഇങ്ങിനെ എഴുതുന്നതെന്ന വിചാരിക്കാൻ നിവൃത്തിയില്ല.

കേരളത്തിൽ കമ്യൂണിസ്റ്റ ഗവണ്മെണ്ടിൻെറ നിലനിൽപ്പല്ല സർവ്വപ്രധാനമായും അപകടത്തിലായിട്ടുള്ളതു; നേരെമറിച്ച് നമ്മുടെ ജനാധിപത്യ ഭരണസമ്പ്രദായവും ഭരണഘടനയുമാണ വെല്ലുവിളിക്കപ്പെട്ടിരിക്കുന്നതു. ആ വെല്ലുവിളി നടത്തുന്നതു, കേന്ദ്രത്തിലും മററെല്ലാ സ്റ്റേററുകളിലും ഭരണം നടത്തുന്ന കോൺഗ്രസ്സിൻെറ സജീവ നേതൃത്വത്തിലാണെന്ന വസ്തുത അപകടത്തെ പതിന്മടങ്ങ വർദ്ധിപ്പിച്ചിരിക്കുന്നു.

ഈ വസ്തുത മനസ്സിലാക്കുന്നതുകൊണ്ടാണ ഇന്ത്യൻ പൊതുജനാഭിപ്രായം ഏകകണ്ഠമായിത്തന്നെ ഈ "വിമോചനസമര"ത്തിന്നെതിരായി ശബ്ദമുയർത്തിക്കൊണ്ടിരിക്കുന്നതു. പക്ഷെ ഈ നേര മനസ്സിലാക്കാനുള്ള വിവേകം "സമര"നേതാക്കന്മാർക്കില്ല. നേരെമറിച്ച് ഇന്ത്യൻ പൊതുജനാഭിപ്രായത്തിന്നെതിരായിട്ടുകൂടി അവർ സമരം പ്രഖ്യാപിച്ചിരിക്കുകയാണ. ജൂൺ 20-ാം "മലയാളമനോരമ" എഴുതിയ ഒരു മുഖപ്രസംഗത്തിൽ,

"പി. ടി. ഐ. പോലുള്ള പ്രധാന ന്യൂസ് ഏജൻസികളും വാർത്തകളുടെ ശേഖരണത്തിലും വിതരണത്തിലും അധികാരപക്ഷപാതം കാണിക്കാനിടയാകുന്നുണ്ട്", "ഗവണ്മെണ്ട് പ്രചാരണങ്ങൾക്ക പ്രാധാന്യം നൽകിയും പ്രതിപക്ഷപ്രസ്താവനകൾ ചെറിയ കുറിപ്പുകളായും എഡിററ് ചെയ്തു ഇന്ത്യൻ പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിക്കാണുന്നു", "വെളിയിലുള്ള ഉന്നതരായ കോൺഗ്രസ്സ്നേതാക്കൾ കേരള ഗവണ്മെണ്ട് എന്തോ നല്ല കാര്യങ്ങൾ ചെയ്യുന്നുണ്ടെന്ന ധാരണയിൽ വർത്തിക്കുന്നു" എന്നെല്ലാം ആവലാതിപ്പെടുകയും അധിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. പട്ടംതാണുപിള്ളയുടെ പത്രാധിപത്യത്തിൽ നടക്കുന്ന "കേരളജനത" ജൂൺ 20-നു എഴുതിയിരിക്കുകയാണ:

"കോൺഗ്രസ്സ് ഇന്നത്തെ സമരത്തിൽനിന്നു ഒഴിഞ്ഞുനില്ക്കണമെന്ന ഏററവും കൂടുതലായി ആഗ്രഹിക്കുന്നതു കമ്യൂണിസ്റ്റുകളാണ. മി. ധേബാറും നാദിക്കാലിയും ഈ ആഗ്രഹം സഫലമാക്കുമെങ്കിൽ അവർ കമ്യൂണിസ്റ്റ പാർട്ടിക്ക ദാസ്യവൃത്തി എടുക്കുകയായിരിക്കും ചെയ്യുന്നതു.... ഒരു പക്ഷെ കേരളത്തിലെ പ്രക്ഷോഭണകർത്താക്കൾക്ക തന്മൂലം കേന്ദ്രകോൺഗ്രസ്സ് ഗവർമ്മെണ്ടിനേയും കമ്യൂണിസ്റ്റ ഗവണ്മെണ്ടിനേയും ഒന്നിച്ചു നേരിടേണ്ട ആവശ്യം വന്നേക്കാം."

അങ്ങിനെ ഈ "വിമോചനസമരം" കേരള[illegible] ള, ജനാ[illegible] ഭരണഘടനയിൽ നിന്നും ഇന്ത്യൻ പൊതുജനാഭിപ്രായത്തിൽ നിന്നും "വിമോചനം" നേടാനുള്ള ഒരു "സമര"മായി അതിവേഗത്തിൽ രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുകയാണ്.

## നെഹറുവിൻെറ ആഗമനം

ഈ സന്ദർഭത്തിലാണ് പ്രധാനമന്ത്രി നെഹറു കേരളം സന്ദർശിക്കുന്നതു. സന്ദർഭോചിതമായ ഈ സന്ദർശനത്തെ എല്ലാവരും സ്വാഗതം ചെയ്യുന്നുണ്ട്.

* എങ്ങിനെയായാലും ഏതൊരവസരത്തിലും ഭരണഘടനാവിരുദ്ധമായ മാർഗ്ഗങ്ങളുപയോഗിച്ച് ഗവണ്മെണ്ടിനെ മാററാൻ ശ്രമിക്കുന്നതു തെററാണെന്ന അസന്ദിഗ്ദ്ധമായും ദൃഢമായും അദ്ദേഹം "സമര"നേതാക്കളോട് പറയുകയും, അർത്ഥശൂന്യവും ആപൽക്കരവുമായ ഇന്നത്തെ വിമോചനസമരമുപേക്ഷിക്കാൻ "സമര"നേതാക്കളെ, വിശേഷിച്ചും സ്റ്റേററ് കോൺഗ്രസ്സ് നേതാക്കളെ, ഉപദേശിക്കുകയും ചെയ്യുമോ? ആ ഉപദേശം അവർ ചെവിക്കൊള്ളുമോ?

* കേരളഗവർമ്മെണ്ടും കമ്യൂണിസ്റ്റ പാർട്ടിയും ആവർത്തിച്ചു പറഞ്ഞിട്ടുള്ളപോലെ, തർക്കപ്രശ്നങ്ങൾ സമൂർത്തമായും തത്വാധിഷ്ഠിതമായും സമാധാനപരമായി ചർച്ച ചെയ്തു പരിഹരിക്കാൻ നോക്കുക, ഭരിക്കുന്നതേതു പാർട്ടിയായാലും ദേശീയപുനർനിർമ്മാണമെന്ന മഹത്തായ ചുമതലയിൽ ആത്മാർത്ഥമായി സഹകരിക്കുക എന്ന വിവേകത്തിൻെറയും രാജ്യസ്നേഹത്തിൻെറയും മാർഗ്ഗത്തിലേക്ക പ്രതിപക്ഷപ്പാർട്ടികളെ, വിശേഷിച്ചും കോൺഗ്രസ്സിനെ, തിരിച്ചുകൊണ്ടുവരുന്നതിന്ന അദ്ദേഹത്തിന്ന കഴിയുമോ? അതിന്നവേണ്ടി അദ്ദേഹം തൻെറ സ്വാധീനവും അധികാരവും നിർബ്ബാധം ഉപയോഗിക്കുമോ?

* ഈ പരിതഃസ്ഥിതിയിൽ പറയപ്പെട്ടാൽ, സങ്കുചിതമായ കക്ഷിപരിഗണനകൾക്കതീതമായി, രാജ്യത്തിൻെറയും ജനാധിപത്യത്തിൻെറയും ഭരണഘടനയുടെയും താല്പര്യങ്ങൾ കാത്തുരക്ഷിക്കാൻ വേണ്ടി, ഭരണഘടനാവിരുദ്ധമാർഗ്ഗങ്ങളിലൂടെ ഗവർമ്മെൻറിനെ മാററാൻ നടത്തുന്ന സംരംഭങ്ങളെ എതിർത്തു തോല്പിക്കാൻ സ്റ്റേററ് ഗവർമ്മെൻറിന്ന കേന്ദ്രഗവർമ്മെൻറിൻെറ സർവ്വവിധ സഹായവും ഉണ്ടായിരിക്കുമെന്ന അദ്ദേഹം തുറന്നു പറയുമോ?

21-6-59.